**<u>പതിമൂന്നാം കേരള നിയമസഭ</u>**

**<u>ഏഴാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 644 06.02.2013 ലെ മറുപടിയ്ക്ക്**

**<u>കാരുണ്യ ബെനവലന്റ് പദ്ധതി</u>**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഏതൊക്കെ രോഗികൾക്കാണ് ചികിത്സാ സഹായം ലഭിക്കുന്നത്; എത്ര രൂപ വരെ ലഭിക്കും; വിശദാംശം നൽകാമോ; | വൃക്കരോഗം, കാൻസർ, ഹൃദ്രോഗം, തലച്ചോർ, കരൾ സർജറി ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കാണ് ചികിത്സാ ധനസഹായം നൽകുന്നത്.മൂന്ന് ലക്ഷം വരെ വാർഷിക വരുമാനമുള്ള കുടുംബത്തിന് പരമാവധി രണ്ട് ലക്ഷം രൂപ വരെ ചികിത്സാ സഹായം ഈ പദ്ധതി വഴി ലഭിക്കുന്നതാണ്. ചികിത്സയ്ക്ക് തിരഞ്ഞെടുത്ത ആശുപത്രികളിൽ നിന്നും നൽകുന്ന ചികിത്സാ എസ്റ്റിമേറ്റ് മറ്റു ആവശ്യമായ രേഖകൾ സഹിതം അതതു ജില്ലാ ഭാഗ്യക്കുറി ഓഫീസിലാണ് അപേക്ഷ നൽകേണ്ടത്. |
| (ബി) | ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത്; | വാർഷിക വരുമാനം മൂന്ന് ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബത്തിനു ചികിത്സാ സഹായം ലഭിക്കും. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും അക്രെഡിറ്റ് ചെയ്തിട്ടുള്ള സർക്കാരിതര ആശുപത്രികളിലും ചികിത്സ തേടുന്നവർക്ക് സഹായം ലഭിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് കീഴിൽ വരുന്ന കണ്ണൂർ ജില്ലയിലെ ആശുപത്രികൾ ഏതൊക്കെയാണ് ? | എല്ലാ സർക്കാർ ആശുപത്രികളും,പരിയാരം സഹകരണ മെഡിക്കൽ കോളേജ്, മലബാർ കാൻസർ സെന്റർ, തലശ്ശേരി, കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി എന്നി വയും പദ്ധതിയുടെ കീഴിൽ വരുന്നവയാണ്. |

സെക്ഷൻ ഓഫീസർ